# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 321 | 27.09.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി നെറ്റ് വർക്ക് കമ്പനി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഉൽപ്പന്ന സേവന നികുതി സംവിധാനത്തിന്റെ നടത്തിപ്പിനായുള്ള ജി.എസ്.ടി നെറ്റ് വർക്ക് കമ്പനിയുടെ പ്രവർത്തന ചെലവ് ആര് വഹിക്കും എന്ന കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി നെറ്റ് വർക്കിനെ ഇന്ത്യയിലെ പരോക്ഷനികുതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിനുവേണ്ടി മാത്രമായുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ സേവന ശൃംഖല ഉപയോഗിക്കുന്ന വ്യാപാരികളിൽ നിന്നും മറ്റും യൂസർഫീ/സർവ്വീസ് ചാർജ്ജ് ഈടാക്കികൊണ്ട് സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്ന ഒരു മാതൃകയായാണ് ഇതിനെ രൂപപ്പെടുത്തിയിട്ടുള്ളത്. കമ്പനി നിയമം 1956 വകുപ്പ് 25 പ്രകാരം ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി ഇത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ പ്രാരംഭ പ്രവർത്തനത്തിനും മറ്റുമുള്ള ചെലവുകൾക്കായി ഒറ്റത്തവണ ഗ്രാൻറ് ഇൻ-എയിഡ് ആയി 315 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016 ആഗസ്റ്റ് 30 ന് കൂടിയ സംസ്ഥാന ധനമന്ത്രിമാരുടെ യോഗം 2016-17 സാമ്പത്തികവർഷത്തെ പ്രവർത്തനത്തിലേക്കായി 550 കോടി രൂപ വാണിജ്യ ബാങ്കിൽ നിന്നും വായ്പയെടുക്കാൻ |

| | | | |
|---|---|---|---|
| | | | അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന് ഗ്യാരണ്ടി നൽകാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുമുണ്ട്. |
| (ബി) | നികുതി നിരക്ക് 18% ൽ താഴെയാകുമ്പോൾ സാധനങ്ങളുടെ വില കുറയ്ക്കണമെന്ന നിർദ്ദേശത്തെ അംഗീകരിക്കുന്നുണ്ടോ; ആയതിന്റെ സങ്കീർണ്ണത പരിഹരിക്കുന്നതിനുള്ള നയം വ്യക്തമാക്കാമോ? | (ബി) | നികുതി നിരക്ക് താഴുകയാണെങ്കിൽ ആയതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിക്കണമെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. എന്നാൽ ജി.എസ്.ടി നിരക്ക് സംബന്ധിച്ച് അന്തിമ തീരുമാനം ആയാൽ മാത്രമേ ഇതിനെക്കുറിച്ച് കൂടുതൽ വ്യക്തത കൈവരികയുള്ളൂ. |

/sd/ Latheesh

**സെക്ഷൻ ഓഫീസർ**